"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി. - കോവളം - ബേക്കൽ ജലപാതാ വികസനം - കാസറഗോഡ് ജില്ലയിൽ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാലിന്റെയും നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്കിന്റെയും നിർമ്മാണം - 44.156 ഹെക്ടർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.5/2022/CSIND തീയതി, തിരുവനന്തപുരം, 01-12-2022**

പരാമർശം:-

1. 26/02/2021 ലെ സ.ഉ.(കൈ.)നം. 4/2021 /സി.എസ്.ഐ.എൻ.ഡി.
2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 24/03/2020, 19/07/2022 തീയതികളിലെ ഡബ്ല്യൂ 8—454/സി.ഇ./ഐ.എൻ./2020 നമ്പർ കത്തുകൾ.
3. കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി.(കിൽ) ചീഫ് എഞ്ചിനീയറുടെ 10/01/2022 ലെ KWIL-CP—NB/21/2022 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് നീലേശ്വരം വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിൽ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മിക്കുന്നതിനും നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനുമുള്ള പദ്ധതിക്കായി 124 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 186 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം നല്കിയിരുന്നു.

2. നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിന് കാഞ്ഞങ്ങാട് വില്ലേജിൽ 1.3076 ഹെക്ടറും, നീലേശ്വരം -ചിത്താരി കൃത്രിമ കനാൽ നിർമ്മിക്കുന്നതിന് അജാനൂർ,ബെല്ല, ഹോസ്ദുർഗ് വില്ലേജുകളിലായി 42.8485 ഹെക്ടറും ഉൾപ്പെടെ ആകെ 44.156 ഹെക്ടർ ഏറ്റെടുക്കുന്നതിനായി ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ) ചീഫ് എഞ്ചിനീയർ തയ്യാറാക്കി പരാമർശം 3 ലെ കത്ത് പ്രകാരം സമർപ്പിക്കുകയും അതിൻപ്രകാരമുള്ള സ്ഥലം ഏറ്റെടുക്കലിന് ഭരണാനുമതി നൽകണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം 2 ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

**NEELESWARAM – BEKAL**

**LAND ACQUISITION -ABSTRACT ESTIMATE**

| Sl. No. | Details | |
|---|---|---|
| 1 | **Neeleswaram – Chittari Canal Formation** | |
| | Area of land to be acquired | 428485.2027 M2 |
| | | 42.8485 hectares |
| | Total fair value of land | 591138318.54 |
| | Market value of land (1.4 X fair value) | 827593645.96 |
| | Add : 100 % solatium | 827593645.96 |
| | Add : 12% interest | 99311237.51 |
| | Total land acquisition cost | **175,44,98,529.00** |
| 2 | **Nambiarikkal lock cum regulator** | |
| | Area of land to be acquired | 13076.96 M2 |
| | | 1.3076 hectares |
| | Total fair value of land | 9103816.11 |
| | Market value of land (1.4 X fair value) | 12745342.56 |
| | Add : 100 % solatium | 12745342.56 |
| | Add : 12% interest | 1529441.107 |
| | Total land acquisition cost | **2,70,20,126.00** |
| | Total Area | 44.156 hectares |
| | **Total land acquisition cost (Rs.)** | **178,15,18,655.00** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോവളം - ബേക്കൽ ജലപാതാ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മാണത്തിനും നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മാണത്തിനും വേണ്ടി അജാനൂർ, ബെല്ല, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് വില്ലേജുകളിലായി ആകെ 44.156 ഹെക്ടർ സ്ഥലം ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രണബ്ജ്യോതി നാഥ് ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും), പഴവീട് പി. ഒ., ആലപ്പുഴ.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ് ആശ്രാമം പി. ഒ., കൊല്ലം.

മാനേജിംഗ് ഡയറക്ടർ/ ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി., X1/318 E, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്, കൊച്ചി എയർപോർട്ട് പി. ഒ., — 683 111

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (I&PW-B3/366/2022-FIN (E-2227029 ))

റവന്യൂ(ബി) വകുപ്പ്( REV-B2/279/2022-REV).

പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 1208, തീയതി : 30/11/2022)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Bimal V
സെക്ഷൻ ഓഫീസർ
Date: 01-12-2022 17:17:02

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സി.എസ്.ഐ.എൻ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-11-2022

ഫയൽ നം. എ1/61/2020/സി.എസ്.ഐ.എൻ.ഡി. ഇനം നം: 1208

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദിയെയും ചിത്താരി നദിയെയും ബന്ധിപ്പിച്ചു കൊണ്ട് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കൃത്രിമ കനാലിനും നമ്പിയാരിക്കൽ ഭാഗത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന നാവിഗേഷൻ ലോക്കിനും വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും, അതിനായി ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റിനും ഭരണാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

1208

**കേരള സർക്കാർ**

***[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]***

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| | ഫയൽ നമ്പർ | : | നം. എ 1/61/2020/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | : | കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദിയെയും ചിത്താരിനദിയെയും ബന്ധിപ്പിച്ച് കൊണ്ട് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കൃത്രിമ കനാലിനും നവീകരിക്കൽ ഭാഗത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന നാവിഗേഷൻ ലോക്കിനും വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും, അതിനായി ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റിനും ഭരണാനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17-11-2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്.<br>അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്.<br>റവന്യൂ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സന്തോഷ് ഡി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീ. പ്രണബ് ജ്യോതി നാഥ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19-11-2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.വി. പി. ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22-11-2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25-11-2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28-11-2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദിയെയും ചിത്താരി നദിയെയും ബന്ധിപ്പിച്ചു കൊണ്ട് കൃത്രിമകനാൽ നിർമ്മിക്കുന്നതിനും നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനും വേണ്ടി 44.156 ഹെക്ടർ ഭൂമി കിഫ്ബി ധനസഹായത്തോടെ ഹോസ്ദുർഗ്ഗ് താലൂക്കിൽ നിന്ന് ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് നീലേശ്വരം വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മിക്കുന്നതിനും, നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനുമുള്ള പദ്ധതിക്ക് 124 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 186 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി **26.02.2021-ൽ സ. ഉ.(കൈ.) നം. 04/2021/സി.എസ്.ഐ.എൻ.ഡി.** പ്രകാരം നല്കിയിരുന്നു.

3) നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനു കാഞ്ഞങ്ങാട് വില്ലേജിൽ 1.3076 ഹെക്ടറും, നീലേശ്വരം -ചിത്താരി കൃത്രിമ കനാൽ നിർമ്മിക്കുന്നതിന് അജാനൂർ,ബെല്ല, ഹോസ്ദുർഗ് വില്ലേജുകളിലായി 42.8485 ഹെക്ടറും ഉൾപ്പെടെ ആകെ 44.156 ഹെക്ടർ ഏറ്റെടുക്കുന്നതിനായി ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരമുള്ള 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക് ചേഴ്സ് ലിമിറ്റഡ് (ക്വിൽ) ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കുകയും അതിൻപ്രകാരമുള്ള സ്ഥലം ഏറ്റെടുക്കലിന് ഭരണാനുമതി നൽകണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

| NEELESWARAM – BEKAL LAND ACQUISITION ESTIMATE | | |
| --- | --- | --- |
| ABSTRACT ESTIMATE | | |
| **Sl. No.** | **Details** | |
| 1 | **Neeleswaram – Chittari Canal Formation** | |

| | | |
|---|---|---|
| | Area of land to be acquired | 428485.2027 M2 |
| | | 42.8485 hectares |
| | Total fair value of land | 591138318.54 |
| | Market value of land (1.4 X fair value) | 827593645.96 |
| | Add : 100 % solatium | 827593645.96 |
| | Add : 12% interest | 99311237.51 |
| | Total land acquisition cost | 175,44,98,529.00 |
| 2 | **Nambiarikkal lock cum regulator** | |
| | Area of land to be acquired | 13076.96 M2 |
| | | 1.3076 hectares |
| | Total fair value of land | 9103816.11 |
| | Market value of land (1.4 X fair value) | 12745342.56 |
| | Add : 100 % solatium | 12745342.56 |
| | Add : 12% interest | 1529441.107 |
| | Total land acquisition cost | 2,70,20,126.00 |
| | Total Area | 44.156 hectares |
| | **Total land acquisition cost (Rs.)** | **178,15,18,655.00** |

4) സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നല്കിയപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"Administrative Department is informed that acquisition of land from private parties is done by invoking the provisions contained in LARR Act, 2013. The procedures which needs to be following while acquisition of land from private parties has been well defined in G.O(Ms) No 56/2019/RD dtd 14.02.2019. Hence a copy of the same is enclosed for information and necessary action."

5) ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി പദ്ധതിക്ക് ഭരണാനുമതി ഭരണ വകുപ്പ് നല്കിയ ശേഷം ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ സഹിതം പ്രൊപ്പോസൽ റവന്യൂ വകുപ്പിന് കൈമാറാനാണ് G.O(Ms) No 56/2019/RD dtd 14.02.2019 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

6) പദ്ധതിക്ക് ഭരണാനുമതി നല്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നല്കിയപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്:

"Finance agrees to accord sanction to meet the LA of Rs 178.15 crore for acquiring 44.15 hectares of land with KIIFB fund by complying the observations of Revenue Department and hence Administrative Department is requested to place the Administrative Sanction proposal before the Council of Ministers for approval.

This has the approval of Hon'ble Minister for Finance."

7) തുടർന്ന് ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മിക്കുന്നതിനും, നമ്പിയാരിക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനുമായി അജാനൂർ, ബെല്ല, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് വില്ലേജുകളിലായി ആകെ 44.156 ഹെക്ടർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിനും, അതിനായി ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റിനും ഭരണാനുമതി നല്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് .

## തീരുമാനിക്കേണ്ട വിഷയം

കോവളം - ബേക്കൽ ജലപാതാ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കൃത്രിമ കനാലിനും, നമ്പിയാരിക്കൽ ഭാഗത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന നാവിഗേഷൻ ലോക്കിനും വേണ്ടി അജാനൂർ, ബെല്ല, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് വില്ലേജുകളിലായി ആകെ 44.156 ഹെക്ടർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിനും, അതിനായി ഫെയർവാല്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റിനും ഭരണാനുമതി നൽകാമോ ?